Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 13 | 2017 മാർച്ച് 26 | 1192 മീനം 12

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

## ഗുരുവാണി

" അന്ധമായ വിശ്വാസമല്ലാതെ വിശ്വാസത്തിന് വേറെ മാർഗമൊന്നുമില്ല. നമ്മൾ യുക്തിവാദം പറഞ്ഞാലും മുക്തിവാദം പറഞ്ഞാലും നമുക്കറിയാവുന്നതേ പ്രവർത്തിക്കാനൊക്കൂ. അതിനപ്പുറത്തൊക്കെ പറയാമെന്നേയുള്ളൂ. "

# നവഒലിജ്യോതിർദിനം: രണ്ടാംഘട്ട കുടുംബസംഗമങ്ങൾ ആരംഭിച്ചു

**ശാന്തിഗിരി ജംഗ്ഷൻ :** നവഒലി ജ്യോതിർദിനം ആഘോഷങ്ങളുടെ മുന്നോടിയായി ഗൃഹസ്ഥാശ്രമസംഘത്തിന്റെ വിവിധ യൂണിറ്റുകളിൽ നടക്കുന്ന കുടുംബസംഗമങ്ങൾ തുടരുന്നു. ഇതുവരെ 12 യൂണിറ്റുകളിലെയും സംഗമങ്ങൾ നടന്നുകഴിഞ്ഞതിനെ തുടർന്ന് രണ്ടാംഘട്ട സത്സംഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. സർവ്വാദരണീയ ജനനി വിമല ജ്ഞാനതപസ്വിനിയുടെ നേതൃത്വത്തിൽ സന്ന്യാസിസന്ന്യാസിനിമാർ സംഗമങ്ങൾക്ക് നേതൃത്വം നല്കി വരുന്നു. ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റിൽ ഷാജി സി. ദാസ്-ശാലിനി രവീന്ദ്രൻ ദമ്പതിമാരുടെ ഭവനത്തിൽ നടന്ന സംഗമത്തിൽ സർവാദരണീയ ജനനിയെ കൂടാതെ ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി, ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി തുടങ്ങിയവർ സന്നിഹിതരായിരുന്നു. നൂറോളം ആത്മബന്ധുക്കളും പങ്കെടുത്തു.

പ്രാർത്ഥനയോടെ വൈകുന്നേരം 7.00 ന് ആരംഭിച്ച സത്സംഗത്തിൽ ആദരണീയ സ്വാമി ചിത്തശുദ്ധൻ ജ്ഞാന തപസ്വിയാണ് ആമുഖ പ്രഭാഷണം നടത്തിയത്. ഒരു കുടുംബത്തിൽ ഒരുമിച്ചുകൂടി ഗുരുവിന്റെ കാര്യങ്ങൾ സംബന്ധിച്ച് മീറ്റിംഗ് കൂടാനാണ് അറിയിച്ചതെന്ന് സ്വാമി പറഞ്ഞു. തുടർന്ന് തന്റെ സ്വന്തം അനുഭവകഥ വിവരിച്ചു. മക്കളെ ഗുരുവിന്റെ ഇച്ഛ എന്താണോ അതിനനുസരിച്ച് വളർത്തി ലക്ഷ്യബോധത്തോടെ ഈ ആശ്രമ പരിസരത്ത് താമസിപ്പിക്കണമെന്ന് സ്വാമി ഉത്ബോധിപ്പിച്ചു.

തുടർന്ന് വിശ്വാസത്തിന്റെ ഉറപ്പ് വന്നു കഴിഞ്ഞാൽ എന്ത് നാം സമ്പാദിക്കണമെന്ന് വിശദമാക്കുന്നതിന്റെ ഭാഗമായി സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി ദീർഘമായി സംസാരിച്ചു. തന്റെ അഞ്ചാമത്തെ വയസ്സിൽ ഗുരുവിനെ കണ്ടതുമുതലുള്ള കാര്യങ്ങൾ ജനനി എല്ലാവരേയും ഓർമ്മിപ്പിച്ചു. ഗുരുവിന്റെ തപോബല സങ്കല്പമാണ് നാം ഇന്ന് അനുഭവിക്കുന്ന ഒരോ പടവുകളും. ഗുരു ആരാണ്? ഗുരുവിന്റെ ചിന്ത, സങ്കല്പം എന്നിവ എന്താണെന്ന് കണ്ടറിഞ്ഞവരാണ് നാം ഓരോരുത്തരും. എന്തിനായി വന്നോ അത് ചെയ്തെടുക്കാൻ നമുക്ക് കഴിയണം. വിശ്വാസത്തിൽ ഉറപ്പുണ്ടെങ്കിൽ മാത്രമെ നില്ക്കാൻ കഴിയൂ. ജനനി ചൂണ്ടിക്കാട്ടി.

അഭിവന്ദ്യ ശിഷ്യപൂജിത ഇന്നുവരെ ആരോടെങ്കിലും കുടുംബമഹിമയോ, പ്രതാപമോ പറഞ്ഞ ചരിത്രം ഉണ്ടോ എന്ന് എല്ലാവരോടുമായി ചോദിച്ച ജനനി ഗുരുവാണി വായിച്ച് കുട്ടികളെ ഉറക്കുന്നവർ എത്ര പേരുണ്ടെന്നും ആരാഞ്ഞു. ഇന്നത്തെ ഇലക്ട്രോണിക് മാധ്യമങ്ങളുടെ വലയിൽ വീണ് നശിക്കുന്ന പുതുതലമുറയുടെ ദുരന്തവും വരച്ചുകാണിച്ചു.

വിശ്വാസത്തിന്റെ ഭാഗത്തെ രണ്ടു കാലഘട്ടങ്ങളിലായി ചിന്തിച്ചാൽ ഓരോരുത്തരും അവരോളം തന്നെ അനുഭവവും, ജീവിതലക്ഷ്യവും പുലർത്തുന്നുവെന്ന് പറഞ്ഞുകൊണ്ട് ആദരണീയ പ്രമീള ജ്ഞാനതപസ്വിനി വിശ്വാസത്തിന്റെ ഭാഗത്ത് എന്തെല്ലാം പാലിക്കണമെന്ന് വെളിപ്പെടുത്തി. അതായത് വിശ്വാസികളുടെ മനസ്സ് കറയില്ലാതാകണം, നമ്മൾക്ക് ലക്ഷ്യബോധം വേണം, വിശ്വാസത്തിന്റെ ഭാഗത്ത് ഒത്തൊരുമ വേണം ഇതിനുപരി നമ്മളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ച് മാറ്റാനുള്ളതല്ല വിശ്വാസം എന്നും അറിയിച്ചു.

തുടർന്ന് സംസാരിച്ച ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി ഭക്തിയുടെ ഭാവം സൂക്ഷിക്കേണ്ട വശങ്ങളെ വെളിപ്പെടുത്തി. ഗുരുവുമായി അടുത്ത് ഇരുന്നവർ അകന്നുപോയ സാഹചര്യങ്ങളെ പ്പറ്റിയും സംസാരിച്ചു. ഗുരുവിന്റെ അനേകകോടി ജന്മം കൊണ്ട് നേടിയ തപോബലത്താൽ ചെയ്തുതരുന്ന ഗുരുപൂജയുടെ മാഹാത്മ്യവും ആശ്രമജീവിതത്തിൽ പാലിക്കേണ്ട കാര്യങ്ങളും വിശദമാക്കി.

തുടർന്ന് പ്രസാദവിതരണം നടന്നു. ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി ആത്മബന്ധുക്കൾക്ക് പ്രസാദം വിതരണം ചെയ്തു. ഒൻപത് മണിയോടെ പ്രാർത്ഥനാപൂർവ്വം മീറ്റിംഗ് ഗുരുതൃപ്പാദങ്ങളിൽ സമർപ്പിച്ചു.



ശാന്തിപുരത്ത് നടന്ന കുടുംബസംഗമത്തിൽ പങ്കെടുക്കാനെത്തിയ ജനനി വിമല ജ്ഞാനതപസ്വിയെ ഗുരുകാന്തിയിലെ കുരുന്നുകൾ താമരപ്പൂവ് നല്കി സ്വീകരിക്കുന്നു

## 'ഫെയ്സ്ബുക്ക് വഴി വഞ്ചിതരാകരുത്'

**സ്പിരിച്വൽ സോൺ :** ഫെയ്സ്ബുക്ക് വഴി ഫ്രണ്ട്സ് റിക്വസ്റ്റ് വരുമ്പോൾ പലപ്പോഴും നാം കണ്ണടച്ചു സ്വീകരിക്കാറാണ് പതിവ്. പക്ഷെ ഇങ്ങനെ വരുന്ന റിക്വസ്റ്റുകൾ ശ്രദ്ധയോടെ സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ ഫെയ്സ്ബുക്ക് അക്കൗണ്ട് പലർക്കും ദുരുപയോഗപ്പെടുത്താൻ സാധിക്കും. നമ്മൾ ഫ്രണ്ട് ആയി കഴിഞ്ഞാൽ സ്വാഭാവികമായി നമ്മുടെ ഫ്രണ്ട്സ് ലിസ്റ്റിലുള്ള ആളുകളെ ഇവർക്ക് അറിയാനാവുകയും അങ്ങനെ അവർക്ക് ഫ്രണ്ട്സ് റിക്വസ്റ്റ് നൽകാൻ സാധിക്കുകയും ചെയ്യും. നമ്മുടെ സുഹൃത്തുക്കളാണെന്നു കണ്ട് ഇവരുടെ റിക്വസ്റ്റ് സ്വീകരിക്കും. അങ്ങനെ വ്യാജമായി ഒരു സുഹൃദ്‌വലയം സൃഷ്ടിച്ചശേഷം രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ, അപകീർത്തി പ്രസ്താവനകൾ തുടങ്ങി പല കാര്യങ്ങളും ഈ ഫ്രണ്ട്സ് ഗ്രൂപ്പിലേക്ക് ഷെയർ ചെയ്യാറുണ്ട്.

ഈയിടെ ചില ഒറ്റപ്പെട്ട വ്യക്തികൾ ആശ്രമത്തെ അപകീർത്തിപ്പെടുത്തുന്നതിന് ഫെയ്സ്ബുക്ക് ഉപയോഗിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഭൂരിപക്ഷവും വ്യാജ പ്രൊഫൈലുകളാണ്. ഇത്തരം ശ്രമങ്ങൾ വിലപ്പോവില്ലെങ്കിലും നമ്മൾ അവരുടെ ഫ്രണ്ടായി തുടരുന്നത് തെറ്റിദ്ധാരണ പരത്തുന്നതിനും അവർക്ക് മുതലെടുപ്പ് നടത്തുന്നതിനും സഹായിക്കും. അതിനാൽ ഇത്തരം പ്രൊഫൈലുകളെ നമ്മുടെ ഫ്രണ്ട്സ് ഗ്രൂപ്പിൽ നിന്ന് അൺ ഫ്രണ്ട് ചെയ്യുകയും ബ്ലോക്ക് ചെയ്യുകയും ചെയ്യുന്നതാണ് ഉചിതം. ആശ്രമത്തിലെ പലരുടെയും പേരിൽ വ്യാജ പ്രൊഫൈലുകൾ നിർമ്മിച്ചിട്ടുണ്ട്. വ്യാജ പ്രൊഫൈലുകൾ നിർമ്മിക്കുന്നത് ഗുരുതരമായ കുറ്റമായതിനാൽ സൈബർ ക്രൈം സെല്ലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

അക്രമിയായാലും നല്ലവനായാലും നമുക്കുമുമ്പ് ഇവിടെവന്നു പ്രവർത്തിച്ചിട്ട് പോയാൽ, ആ ഭൗതികശരീരം അടങ്ങിയിരിക്കുന്നതിൽ ഒരു മഹിമകാണുന്ന സ്വഭാവം ഭാരതത്തിനുണ്ട്, ലോകത്തിലെ സകലവിക്രിയകളും ഇവിടെ വന്നടങ്ങേണ്ടതാണ്. ഇതു മനസ്സിലാക്കിയിട്ട് ഒന്നും പ്രവർത്തിക്കാതെ വെറുതെയിരുന്നാൽ നിങ്ങളുടെ ജീവനെ വെറുതെവിടും എന്നു വിചാരിക്കുന്നുണ്ടോ? കലയും സംസ്കാരവും കൈകാര്യം ചെയ്യുന്നവർ ഇത് പ്രത്യേകം സൂക്ഷിക്കണം.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സ്വഭാവം നമ്മുടെ വിദ്യാഭ്യാസ കേന്ദ്രത്തിനു വരരുത് എന്ന് നിങ്ങൾ പ്രാർത്ഥിക്കണം. ഈ വർത്തമാന കാലത്തെ ഉപയോഗപ്പെടുത്താനാണ്, ഭാവിയെപ്പറ്റി അറിയുന്നതിനാണ് വിദ്യാഭ്യാസം. അതു സന്തോഷമായി പകരാൻ കഴിയണം.

ഇരുപത്തിയഞ്ചു ചതുർയുഗങ്ങളായി വന്നിരിക്കുന്ന തെറ്റ് നമ്മളിൽ പകർന്നിരിക്കുകയാണെന്നു മനസ്സിലാക്കണം. ഇത്രയും കാലമായി ഈ തെറ്റ് അന്തരീക്ഷത്തിൽ നിലനിന്ന് പകർന്നിരിക്കുന്നു. അതിന്റെ ഫലമായാണു ലോകം ഇങ്ങനെയൊരു കെടുതിയിൽ ആണ്ടുപോയത്. ഇതു മുൻകൂട്ടി അറിയിച്ച ശക്തിയെ നാം എങ്ങനെ മാനിക്കണം? ഒരു നിമിഷമേ പ്രവർത്തിക്കാൻ കഴിയുന്നുള്ളുവെങ്കിലും അതു ശരിയായി തന്നെ ചെയ്യണം. അങ്ങനെ ചെയ്താൽ ആ കർമഫലം ഇവിടെക്കിടക്കും. അതാരും എടുത്തുമാറ്റുകയില്ല. ജീവന്റെ നിദാനശക്തി എങ്ങനെ കൊണ്ടുപോകണം എന്നു നാം ചിന്തിച്ചു ചെയ്യണ്ടേ? ഇതിനുവേണ്ടി ഒരു അണുവിടയെങ്കിലും പ്രവർത്തിക്കുന്ന നിങ്ങൾ ആരാകും.

ഈ അടുത്തകാലത്തു തന്നെ എത്രയെത്ര ആചാര്യപുരുഷന്മാർ ഇവിടെ വന്നു.? ബുദ്ധൻ തുടങ്ങി എല്ലാവരും വന്നുചേർന്നില്ലേ? ജീവിക്കാൻ നിവൃത്തിയില്ലാത്ത ഭൂപ്രകൃതിയിൽ ജനിച്ച ബ്രിട്ടീഷുകാർക്ക് ഇത്രത്തോളമാകാമെങ്കിൽ നമുക്കെന്തായിക്കൂടാ.

എല്ലാ തോന്ന്യാസങ്ങളും ഇവിടെ വരും. അതിനെ പിടിച്ച് ശുദ്ധമായ ഒരു വഴിയിൽ ആനയിക്കുകയാണു നാം. കഴിവു നമുക്കു കുറവായിരിക്കാം. ഉള്ള കഴിവ് തളരാതെ പ്രദർശിപ്പിച്ചാൽ മതി, നമുക്ക് എന്തും നേടാം.

ഉദ്ധവരെപ്പോലെയോ ഗോപസ്ത്രീകളെപ്പോലെയോ മുക്തിക്ക് അവകാശപ്പെട്ടു വന്നിരിക്കുന്നവരാണ് നിങ്ങൾ. നിങ്ങൾക്ക് അതിനെക്കാൾ എത്രയോ എളുപ്പം. കൃഷ്ണനുശേഷം, ഇടയ്ക്ക് കുറെ ആചാര്യന്മാർ വന്ന് കുറെ ഗുണങ്ങൾ ജനങ്ങളിൽ പകർത്തിയിട്ടുണ്ട്. ഈ ഗുണങ്ങൾ കൂട്ടിച്ചേർത്തു നമ്മളൊരു പുതിയ ഗുണം കൊണ്ടുവന്നിരിക്കുകയാണ്. യുഗങ്ങൾക്കപ്പുറമുള്ള കാര്യങ്ങൾ ഈശ്വരനായിട്ടു കാണിച്ചുതന്ന് നമ്മളെക്കൊണ്ട് ചെയ്യിപ്പിക്കുകയാണ്. നമ്മളെ സംബന്ധിച്ച് വളരെ ചുമതലയുള്ള കാര്യമാണ്. എല്ലാ കലാസാംസ്കാരിക മൂല്യങ്ങളും നമുക്കുതന്നെ പ്രവർത്തിച്ചൊതുക്കാൻ കഴിയണം.

## വചനദീപ്തി

**"ഗുണം കുടുംബിനിയ്ക്കില്ലാതാകി,**
**ലെല്ലാമിരിക്കിലും**
**ഗുണമില്ല കുടുംബത്തി-**
**നില്ലാതാകും കുടുംബവും"**

**തിരുക്കുറൾ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 മാർച്ച് 26 മുതൽ ഏപ്രിൽ 1 വരെ*

| | |
|---|---|
| ഞായർ | - ശാന്തിഗിരി ജംഗ്ഷൻ |
| തിങ്കൾ | - ലക്ഷ്മിപുരം, ആനന്ദപുരം |
| ചൊവ്വ | - ജനസേവികപുരം, രത്നഗിരി |
| ബുധൻ | - കാഞ്ഞാംപാറ, സ്നേഹപുരം |
| വ്യാഴം | - പോത്തൻകോട്, പാലോട്ടുകോണം |
| വെള്ളി | - എല്ലാ യൂണിറ്റുകളും സംയുക്തമായി |
| ശനി | - ജ്യോതിപുരം |

## യാമപ്രാർത്ഥന

*2017 മാർച്ച് 30 വ്യാഴം*

**എല്ലാ യൂണിറ്റുകളും സംയുക്തമായി**

പ്രകാശപദം

# ഗുരു എന്ന മഹിമാതിരേകത്തിന്റെ സത്യം

നന്മയുടെ ഓളങ്ങൾ വാരിക്കൂട്ടാൻ വിതുമ്പുന്ന മാനവരാശി ഇന്നത്തേക്കും നാളത്തേക്കും ഒരു ധർമത്തിന്റെ സത്താക്കി മാറ്റാനുള്ള, വരും തലമുറയ്ക്ക് ധർമ്മത്തിന്റെ സ്വത്താക്കി മാറ്റാനുള്ള ദിശാശലഭങ്ങൾ വഴിമാറി സഞ്ചരിച്ചതിന്റെ അബദ്ധം യുഗങ്ങളായി അനുഭവിക്കുന്നു. ആ യുഗങ്ങളുടെ അബദ്ധവശത്തെ ഈ കാലത്തിന്റെയും കാലാതീതമായ പോക്കിന്റെയും സ്ഥൂലസൂക്ഷ്മങ്ങളിൽ തപോധനന്മാരുടെ കർമ്മകാണ്ഡങ്ങൾ വിലസിനില്ക്കുന്നത് കണ്ടറിഞ്ഞ് എടുക്കാനുള്ള കഴിവില്ലായ്മ ആ അബദ്ധത്തിന്റെ ബാക്കിയായി മാറി. കാലങ്ങളെ കണ്ടറിയുന്ന, ത്രികാലങ്ങളെ കണ്ടറിയുന്ന ദീർഘദർശിത്വത്തിന്റെയും സൗരയൂഥസ്വഭാവത്തിന്റെയും കാഴ്ചകൾ കണ്ടുമതിയാകാത്ത ജീവരാശികളിൽ വരുന്ന നന്മയുടെ സിദ്ധാന്തം നിലയ്ക്കാത്ത പ്രകാശത്തിന്റെ പ്രവാഹമായി മാറുന്നു. അതിൽപ്പെട്ടുഴലുന്ന എല്ലാവിധ സഞ്ചിതകർമ്മങ്ങളും അന്നുള്ള പൊരുളിൽ വിശ്വസിച്ചെടുക്കാൻ കഴിയാതെ പോയി. വേദേതിഹാസ പുരാണങ്ങളുടെ സത്തകളിൽ അടങ്ങിയിരിക്കുന്ന നന്മയുടെ പുണ്യാർജ്ജിതകർമ്മം

*" ഒന്നൊന്നായെണ്ണിയെണ്ണിത്തൊ*
*ട്ടെണ്ണും പൊരുളൊടുങ്ങിയാൽ "*

എന്നു പറയുന്ന സ്വഭാവത്തിലാണ്. അനേകവിധത്തിലുള്ള 'വേതാളനഗരംബത'യുടെ സാരാംശങ്ങൾ കണ്ടറിഞ്ഞുപോകുന്ന സാക്ഷാത്കാരം വിസ്മരിക്കാവുന്നതല്ല. തപോധനന്മാരുടെ ജീവിതത്തിൽ പൂത്തുലഞ്ഞുനില്ക്കുന്ന കർമ്മമണ്ഡലങ്ങളുടെ ധർമ്മകാണ്ഡങ്ങൾ എത്രയെത്രയെന്ന് എണ്ണിയാലൊടുങ്ങാത്ത അനുഭവത്തിന്റെ ഉൾവെളിച്ചമായി മാറി എപ്പോഴും പ്രകാശിക്കുന്ന പരംകോടി പ്രകാശത്തിന്റെ പരിമിതികളില്ലാത്ത ഒന്നിന്റെ ബാക്കിയായി ഒന്നിന്റെ എല്ലാമായി എല്ലാത്തിന്റെയും സാക്ഷിയായി നില്ക്കുന്ന ഗുരു എന്ന മഹിമാതിരേകത്തിന്റെ സത്യം ശാന്തിഗിരിയിൽ ഇന്നും നമ്മളെ ഉണർത്തുന്ന ഉണർവായി സത്യത്തിലേക്ക് വഴി നടത്തുന്നു. അതാണ് അനുഭവം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# പരമലക്ഷ്യത്തിലേക്ക് നയിക്കുന്ന ഗുരു

മനുപരമ്പരയിലെ ആചാര്യനു സംഭവിച്ച തെറ്റ് തിരിച്ചറിയാവുന്ന ഭാഗ്യം ചെയ്ത പരമ്പരയിലെ നമ്മൾ ഓരോരുത്തരും താൻകൂടി ഉൾപ്പെട്ട ബ്രഹ്മകല്പിതമായ കർമത്തിൽനിന്നും വേറിട്ടുനിന്നു ജീവിക്കാൻ ഒരിക്കലും ആഗ്രഹിക്കരുത്. ബ്രഹ്മചൈതന്യത്തിൽ വീണ്ടും ലയിക്കാനുള്ള ജീവന്റെ വാസനയെ സദാ സ്മരിച്ചുകൊണ്ട് ആ ഇച്ഛയ്ക്ക് വിനയപ്പെട്ട് ദൈവികമായി കനിഞ്ഞുനല്കിയ സ്വാതന്ത്ര്യത്തെ നേരാംവണ്ണം ഉപയോഗപ്പെടുത്തി, സഹജീവികളോട് കരുണ കാട്ടി, സഹോദരങ്ങളുടെ തെറ്റിനെ പറഞ്ഞുമനസിലാക്കി, പരസ്പരം തിരുത്തി കൂട്ടായ്മയോടുകൂടി ജീവിച്ചിരുന്നെങ്കിൽ! എല്ലാം തിരുത്തേവർ, എല്ലാം ആ ചൈതന്യത്തിൽ ലയിപ്പിക്കേവർ എന്ന സത്യം നാം ഒരിക്കലും വിസ്മരിച്ചുകൂടാ.

നമ്മളെ തിരുത്താൻവന്ന ആചാര്യപരമ്പരയുടെ വലുപ്പം, യാദവനായും തച്ചന്റെ മകനായും അങ്ങനെ പലതായും കുറച്ചുകണ്ട് അനന്തരതലമുറകളെ നശിപ്പിച്ചതിന്റെ ഫലമായി ജീവനിലെ പുണ്യാംശം ചോർത്തപ്പെട്ട് പാപയോനികളിൽ ജനിക്കേണ്ടിവന്ന ഗതികേട് ഉണ്ടായതും പൈതൃകം നഷ്ടപ്പെട്ട് തിന്മയ്ക്ക് കൂട്ടുനില്ക്കേണ്ടി വരുന്നതും ആവോളം അറിഞ്ഞവരാണ് നമ്മൾ. ഇനി ഒരിക്കലും നമ്മൾ ആ തെറ്റ് ആവർത്തിച്ചുകൂടാ. ഈ തെറ്റുകളുടെ ചെട്ടിയാൻ വലയ്ക്കുള്ളിൽനിന്നും നിത്യമായ മോചനം ആഗ്രഹിച്ചുകൊണ്ട് ബ്രഹ്മം യുഗങ്ങളായി കാത്തുസൂക്ഷിച്ച ആ പുണ്യാത്മാവിനെ ഒരു ദിവ്യവെളിച്ചമായി ഈ ഭൂമി ഏറ്റുവാങ്ങിയിരിക്കുന്നു. ഈ സത്യം ത്യാഗപ്പെട്ടു തന്നെ നാം സൂക്ഷിക്കണം. അത് കർമ്മസാക്ഷാത്കാരത്തിന്റെയും ധർമസാക്ഷാത്കാരത്തിന്റെയും വഴിയാണ്.

യേശു ഉദ്ഘോഷിച്ചത് ഓർമയില്ലേ?, 'സത്യത്തിലേക്കുള്ള വഴി ഇടുങ്ങിയതും വേദനാജനകവും ആയിരിക്കും' എന്ന്. അല്ലെങ്കിൽ ഇതിനു മുമ്പെ വന്നവർ -ശ്രീകൃഷ്ണൻ, യേശു, നബി, ബുദ്ധൻ അങ്ങനെ അനേകംപേർ-എന്തിനു വരേണ്ടിവന്നു? ഈ ത്യാഗത്തിന്റെ ഈടുവയ്പിലൂടെ നാം നയിക്കപ്പെടുന്നത് ആ ഇച്ഛയുടെ നിറവേറ്റലായിട്ടാണ്. ഇതൊരു യജ്ഞമാണ്. അതിലെ ഹവിസ് നമ്മുടെ നൈമിഷിക സന്തോഷങ്ങളും.

ഓർമ്മിക്കുന്നില്ലേ ആശ്രമത്തിലെ പ്രതിഷ്ഠാസങ്കല്പപൂർത്തീകരണ ദിനത്തിൽ ദർശനത്തിൽ കാട്ടിത്തന്നത്? രക്ഷകൻ തെളിക്കുന്ന മഹാരഥത്തെ ചലിക്കാൻ അനുവദിക്കാതെ അജ്ഞാതശക്തികൾ നാലുഭാഗത്തുനിന്നും പിടിച്ചുവലിക്കുമ്പോൾ ആ നിസഹായവസ്ഥയിൽ നമ്മളെപ്പോലുള്ള ആത്മാന്വേഷികളെ വേദനിപ്പിച്ചിട്ടാണെങ്കിലും ഈ രഥം മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി ഒരു കുന്തമുനയിൽ കോർത്തിണക്കി രഥം മുന്നോട്ടു കൊണ്ടുപോകുന്നത്. അപ്പോൾ വേണ്ടത് ആ കുന്തമുനയിൽ വേദന സഹിച്ചും കോർത്തിണക്കപ്പെടാനുള്ള സന്നദ്ധതയുടെ കൂട്ടായ്മയാണ്. അതായത് ഈ വഴി യാതനാനിർഭരമാണ്. നമ്മൾ അനുഭവിക്കേണ്ടുന്ന വേദനയെ സ്വയം സ്വീകരിച്ചുകൊണ്ട്, ദൈവികശരീരത്തെ രോഗങ്ങളാലും മനസിനേല്പിക്കുന്ന വേദനയെ സ്വയം ക്ഷമിച്ചുകൊണ്ടും ബ്രഹ്മേച്ഛയായ ഈ ദൗത്യം ഈ ലോകത്തിന് ഉതകുന്നവിധത്തിൽ എത്തിക്കാൻ കഷ്ടപ്പെടുന്ന ആ ആത്മതേജസിന്റെ മുമ്പിൽ നില്ക്കാനെങ്കിലും അർഹത നേടിയിട്ടുണ്ടോ എന്ന് നാം ആത്മപരിശോധന ചെയ്യണം.

ആ മഹാദൗത്യത്തിലേക്ക് വലിച്ചടുപ്പിക്കുമ്പോൾ കർമദോഷങ്ങളാൽ വരുത്തിക്കൂട്ടുന്ന അബദ്ധങ്ങൾ പുറകോട്ടടിക്കുന്നത് ചിലരെങ്കിലും അറിയുന്നുണ്ടാകുമല്ലോ? ഇതിൽ നിന്നുള്ള രക്ഷ ആ ഒന്ന് മാത്രമാണ് – സർവാർപ്പിതമായ മനസ്സ്, ദൃഢത. "ഒന്നൊന്ന് ചെയ്തിടുമ്പോഴും നിനച്ചിടേണം നിൻ ഗുരുപാദപങ്കജം..." അങ്ങനെ അർപ്പിതമായ കർമം ഗുരുവിൽ എത്തുമ്പോൾ തന്റെ ഹൃദയത്തിൽ ആവസിക്കുന്ന ഗുരുവിങ്കൽ സർവനന്മയും തിന്മയും അണയുന്നു. ഇതല്ലാതെ മറ്റൊന്നില്ല, ഇതു മാത്രമാണ് സത്യം എന്നറിഞ്ഞ് മാനിക്കാൻ കഴിയണം. "ഗുരു സത്യമാണ്, ഗുരുവിന്റെ വാക്ക് സത്യമാണ്, ഗുരു ദൈവമാണ്" എന്നറിയുന്ന നമ്മുടെ ഓരോ വാക്കും സത്യമായിരിക്കണം. സത്യമായ കാര്യങ്ങളേ പറയാവൂ, സത്യമായ കാര്യങ്ങളെ അനുഷ്ഠിക്കാവൂ, അനുഷ്ഠിക്കാനാവുന്ന കാര്യങ്ങളെ പറയാവൂ എന്ന ഈ സത്യമറിഞ്ഞ് ഗുരുവിനോടും ആശയത്തോടും പരമ്പരയോടും സത്യസന്ധതയും നീതിയും പുലർത്തുമ്പോൾ സത്യമായ ഗുരു, ഗുരുവായ ദൈവം നമ്മെ പരമമായ ലക്ഷ്യത്തിലേക്ക് നയിക്കും.



ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിന്റെ മൂന്നാമത് വാർഷികാഘോഷ പരിപാടികൾ ഐഷ പോറ്റി എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

# ദിവംഗതനായി

**സ്നേഹപുരം :** ആശ്രമം ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലെ മാനേജർ(സ്പിരിച്വൽസോൺ സർവ്വീസസ്) കെ.കെ സുധീശബാബു (62) മാർച്ച് 23 ന് ദിവംഗതനായി. ഭാര്യ ലൈല ഇ.എൻ. മക്കൾ ഡോ. കലാധരൻ കെ. എസ്., പുഷ്പജൻ കെ.എസ്.

ഇവരുടെ കുടുംബവീട് ആശ്രമത്തിന് സമർപ്പിക്കുകയും അവിടെ ഇപ്പോൾ ശാന്തിഗിരി ആശ്രമം ആലപ്പുഴ ഏരിയ ഓഫീസ് പ്രവർത്തിച്ചുവരുകയുമാണ്.



കെ.കെ സുധീശബാബു

# 'ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ച് മികവിന്റെ കേന്ദ്രമാക്കും'

**കൊട്ടാരക്കര :** കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ സഹായത്തോടെ വിവിധ മേഖലകളിൽ ശാന്തിഗിരി ആശ്രമത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുമെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി. ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ശാഖയുടെ മൂന്നാം വാർഷിക ആഘോഷ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു സ്വാമി. രണ്ട് വർഷത്തിനകം അഞ്ഞൂറ് പേർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികളും, ഓർഗ്ഗാനിക് ഫാമിംഗ്, ഡയറി ഫാമിംഗ്, വിത്ത് ഉല്പാദനം എന്നീ മേഖലകളിൽ പരിശീലന കോഴ്സുകളും മാതൃകാകേന്ദ്രങ്ങളും കൊട്ടാരക്കരയിൽ ആരംഭിക്കും. മഴവെള്ള സംഭരണം, ഗോശാല, ഉൾപ്പെടെയുള്ളവ വിപുലീകരിച്ച് കൊട്ടാരക്കര ആശ്രമത്തെ ജൈവവൈവിദ്ധ്യത്തിന്റെ മികച്ച മാതൃകയാക്കി മാറ്റുമെന്ന് സ്വാമിപറഞ്ഞു. നൈപുണ്യ വികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്ന കോഴ്സുകളിൽ പങ്കെടുക്കുന്നവർക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മുദ്ര യോജന പദ്ധതിപ്രകാരമുള്ള സഹായംകൂടി ലഭ്യമാക്കുമെന്ന് സ്വാമി കൂട്ടിച്ചേർത്തു. വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം അഡ്വ. പി. ഐഷാപോറ്റി എം.എൽ.എ നിർവ്വഹിച്ചു. നവീകരിച്ച ഗോശാലയുടെ ഉദ്ഘാടനം ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാന തപസ്വി നിർവ്വഹിച്ചു.

സ്വാമി മധുരനാദൻ ജ്ഞാനതപസ്വി , മുരളി ശ്രീധർ, ഡോ. കെ.എൻ ശ്യാംപ്രസാദ്, ഡോ. എസ്.എസ് ഉണ്ണി, ഡോ. എൻ. എൻ. വിശ്വംഭരൻ, കെ. രമണൻ, സന്തോഷ് ബാബു, പി.ജി മോഹനൻ, ഡോ. ശ്രീകുമാരി സെൻ, മനോമിത്രൻ.ആർ എന്നിവർ പ്രസംഗിച്ചു. വാർഷികത്തോട് അനുബന്ധിച്ച് ശാന്തിഗിരി മെഡിക്കൽ സർവീസ് വിഭാഗത്തിന്റെയും ജില്ലാ ഹോമിയോപതി വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്ന സൗജന്യ സിദ്ധ ആയുർവേദ ഹോമിയോ മെഡിക്കൽക്യാമ്പ് അഞ്ഞൂറോളം പേർ പങ്കെടുത്തു. ഉച്ചക്ക് നടന്ന അന്നദാനത്തിലും വൈകുന്നേരം നടന്ന ദീപപ്രദക്ഷണത്തിലും നൂറുകണക്കിന് ഗുരുഭക്തർ പങ്കടുത്തു.

# സ്നേഹസ്മരണ

**സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി**

കഴിഞ്ഞ ദിവസം ദിവംഗതനായ ശ്രീ കെ.കെ. സുധീശ ബാബു അടിയുറച്ച ഗുരുഭക്തനും ദീർഘകാലം ആശ്രമത്തിൽ സേവനം ചെയ്ത നിസ്വാർത്ഥനായ ഒരു കർമ്മചാരിയുമായിരുന്നു. 1992 മുതൽ ആശ്രമവിശ്വാസിയായ ആലപ്പുഴ സ്വദേശിയായ ഇദ്ദേഹം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷനിലെ ഉദ്യോഗത്തിൽ നിന്നും വിരമിച്ച് ആശ്രമത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കർമ്മം ചെയ്തുതുടങ്ങി. ഫിനാൻസ് ഡിപ്പാർട്ട്മെന്റിലാണ് പ്രധാനമായും സേവനം ചെയ്തിരുന്നത്. പിന്നീട് ജനറൽ അഡ്മിനിസ്ട്രേഷനിലേക്കു മാറി. 2013 ൽ ഹൃദയാഘാതം വന്നതിനെ തുടർന്ന് ഏറെ നാളുകൾ ചികിത്സയിൽ കഴിഞ്ഞു. എന്നാൽ ഗുരുകാരുണ്യത്താൽ മുൻപുണ്ടായ പല അപകടങ്ങളിൽ നിന്നെന്ന പോലെ അദ്ദേഹം ജീവിതത്തിലേക്കു തിരിച്ചുവന്നു. 1994 ൽ പാമ്പുകടിയേറ്റതിനെ തുടർന്ന് 75 ദിവസത്തോളം ചികിത്സ ചെയ്യുകയുണ്ടായി. അസുഖം ഭേദമാകാത്തതിനെ തുടർന്ന് ഗുരുനിർദ്ദേശപ്രകാരം ശാന്തിഗിരി ആയുർവേദ-സിദ്ധ ആശുപത്രിയിൽ കൊണ്ടുവന്ന് കിടത്തി ചികിത്സ നടത്തിയപ്പോഴാണ് സുഖമായത്. ആശ്രമം പുഷ്പാഞ്ജലി കൗണ്ടറിലായിരുന്നു അവസാനകാലത്ത് സേവനം ചെയ്തിരുന്നത്. നിസ്വാർത്ഥതയോടെ തന്റെ ജീവിതകർമ്മം പൂർത്തിയാക്കി മടങ്ങുന്ന ഈ ഗുരുഭക്തന്റെ ജീവന് എന്തുനന്മയാണോ ഗുരുകാരുണ്യത്താൽ ലഭിക്കേണ്ടത് അത് ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു.



ശ്രീമതി യശോദാമ്മ രത്നഗിരി യൂണിറ്റിൽ പുതുതായി നിർമ്മിച്ച 'ഗുരുദാനം' ഭവനം. ശാന്തിഗിരി ആരൂഢശുദ്ധിയാണ് നിർമ്മാണം നടത്തിയത്. മാർച്ച് 19 ന് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി ഗൃഹപ്രവേശം നടത്തി.

# HR വാർത്തകൾ

## എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചു

**സ്പിരിച്വൽ സോൺ:** സീനിയർ ജനറൽ മാനേജർ ഡി. പ്രദീപ് കുമാർ ചെയർമാനായി ഫിനാൻസ് എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചു. സീനിയർ ജനറൽ മാനേജർ (പ്ലാനിംഗ്) ഡി. സുരേഷ് ബാബു ഐആർഎസ്, എം. മോഹൻകുമാർ എഫ്സിഎ, എച്ച്. രാമകൃഷ്ണൻ, അഡ്വ. ബി. ഉണ്ണികൃഷ്ണൻ, പി.പി. രാമകൃഷ്ണൻ, അഡ്വ. ദേവദത്തൻ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.



ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷനും ഐ.സി.പി.ആറും സംയുക്തമായി അലഹബാദിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ

# അവധിക്കാല പഠനം

**സ്പിരിചൽ സോൺ :** ശാന്തിഗിരി ഗുരുകാന്തിയിൽ കുട്ടികൾക്കായി അവധിക്കാല പഠന ക്ലാസുകൾ സംഘടിപ്പിക്കുന്നു. ഏപ്രിൽ രണ്ടു മുതൽ മെയ് രണ്ട് വരെയാണ് ക്ലാസ് നടക്കുക. കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ പഠന പരിശീലന പരിപാടികൾ ശാന്തിഗിരി ഗുരുമഹിമയുടെ സഹകരണത്തോടെയാണ് നടത്തുന്നത്. ഗുരുഗീത– പ്രാർത്ഥനാഞ്ജലി ക്ലാസുകൾ, സന്മാർഗ പഠനം, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ക്ലാസുകൾ, വിവിധ പരിശീലന പരിപാടികൾ, മാർഷൽ ആർട്സ് പരിശീലനം എന്നിവ കുട്ടികൾക്കായി നടത്തുമെന്ന് ഗുരുകാന്തി ചുമതലക്കാർ അറിയിച്ചു.



സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി സംസാരിക്കുന്നു

# ആശ്രമത്തെ നയിക്കുന്നത് ഗുരു: സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി

**കോട്ടയം :** ആശ്രമത്തെ എക്കാലവും നയിക്കുന്നത് ഗുരുവാണെന്നും ഗുരുവിന്റെ ഭൗതികസാന്നിദ്ധ്യമാണ് ശിഷ്യപൂജിതയിലൂടെ വെളിപ്പെടുന്നതെന്നും സർവാദരണീയ സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി. കോട്ടയം ഏരിയയിൽ നടന്ന സത്സംഗങ്ങളിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു സ്വാമി. ഗുരുവിന്റെ ചലനങ്ങളാണ് ശിഷ്യപൂജിതയിലൂടെ പ്രവർത്തിക്കുന്നത്. ശ്രീകൃഷ്ണനെ നശിപ്പിക്കാൻ സ്വന്തം കുടുംബത്തിലാണ് പിശാച് പ്രവർത്തിച്ചത് എന്ന് നാം ഓർമ്മിക്കണം. ഞാൻ എന്നും എക്കാലവും ഈ പരമ്പരയെ നയിക്കുമെന്നത് ഗുരുവിന്റെ വാക്കാണ്. എല്ലാ കാര്യത്തിലും പ്രാർത്ഥനയാണ് പരമ്പരക്ക് ആയുധമായി ഗുരു നല്കിയിരിക്കുന്നത്. പ്രാർത്ഥിച്ചാൽ ഉടൻ ഫലം എന്നാണ് ഗുരു പറഞ്ഞിരിക്കുന്നത്. രാവിലെ അഞ്ച് മണിക്ക് മുമ്പെ എണീറ്റ് കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കാൻ ശ്രദ്ധിക്കണം. അതുപോലെ സന്ധ്യാസമയത്തും പ്രാർത്ഥിക്കണം. ഗുരുവിന്റെ കാരുണ്യത്തിലാണ് നമ്മുടെയെല്ലാം നിലനില്പ് എന്നത് മറന്നുപോകരുതെന്നും സർവാദരണീയ സ്വാമി ഓർമ്മിപ്പിച്ചു. ആദരണീയ സ്വാമി ശരണ്യ പ്രകാശ ജ്ഞാനതപസ്വി, ഡോ. പി.എൻ. മോഹനൻ, സത്പ്രഭ എം. പി തുടങ്ങിയവരും സംസാരിച്ചു. ഹരിപ്പാട് ഏരിയയിൽ നടന്ന സത്സംഗങ്ങളിൽ ആശ്രമം ജനറൽ സെക്രട്ടറി ചൈതന്യ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി.



ശാന്തിഗിരി വിദ്യാഭവനിലെ സംഗീതാദ്ധ്യാപകൻ രാജേഷ് ആമ്പാടി-അനു എസ്. ദമ്പതിമാർ പോത്തൻകോട്ട് പുതിയതായി നിർമ്മിച്ച 'ഗുരുസന്തോഷം'ഭവനം. ഗൃഹപ്രവേശന കർമ്മം സ്വാമി മഹിതൻ ജ്ഞാനതപസ്വി നിർവഹിച്ചു.

## ആശംസകൾ



രണ്ടാം വിവാഹവാർഷികം ആഘോഷിക്കുന്ന
കെ. എസ്. ഹരിലാൽ - ഡോ. പ്രഫുല്ലവാണി ദമ്പതിമാർക്ക്
ആശംസകളോടെ,
**കുടുംബാംഗങ്ങൾ**



വയലാർ രാമവർമ്മ മലയാള സാംസ്ക്കാരിക ഉത്സവത്തിന്റെ ലോഗോ പ്രകാശനം സ്വാമി ഗുരുരത്നം ജ്ഞാന തപസ്വിയും നടൻ മോഹൻലാലും ചേർന്ന് നിർവ്വഹിക്കുന്നു



നവഒലി ജ്യോതിർദിനം പ്രവർത്തനങ്ങളുടെ ഭാഗമായി തെലങ്കാന നിയമസഭാ സ്പീക്കർ സിരികൊണ്ട മധുസൂദന ചാരിയെ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ

## വിവാഹിതരായി



ആലപ്പുഴ മണ്ണഞ്ചേരി
ചാലേഴത്തുവെളി
അശോകന്റെ മകൻ
അരുൺ കുമാറും
മലപ്പുറം തൃക്കണാപുരം
കൂരട കുണ്ടംപാടത്തു
ഹൗസിൽ കെ.പി. സുബ്രഹ്മ
മണ്യന്റെ മകൾ തൃപ്തിയും
മാർച്ച് 16 ന് ശാന്തിഗിരി
ആശ്രമത്തിൽ വച്ച്
വിവാഹിതരായി.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala